**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2043** | **12-09-2023 - ല്‍ മറുപടിയ്ക്ക്**

**മാംസ സംസ്കരണ പദ്ധതി ആരംഭിക്കാന്‍ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരന്‍ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കാഞ്ഞങ്ങാട് മടിക്കൈയില്‍ മാംസ സംസ്കരണ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികള്‍ ഏത് ഘട്ടത്തിലാണെന്ന് പറയാമോ; | (എ) | **കാസര്‍ഗോഡ് വികസന പാക്കേജിന്റെ ഭാഗമായി കാഞ്ഞങ്ങാട് മടിക്കൈ പഞ്ചായത്തില്‍ ഒരു മാംസ സംസ്കരണ പ്ലാന്റ് 10 കോടി രൂപ ചിലവില്‍ സ്ഥാപിക്കുന്നതിന് വേണ്ട ഡി.പി.ആര്‍. മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ (എം.പി.ഐ) സമര്‍പ്പിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ജില്ലാ കളക്ടര്‍, എം.പി.ഐ. എന്നിവര്‍ വിശദമായ ചര്‍ച്ച നടത്തിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പദ്ധതിക്ക് വേണ്ടി സ്ഥലം അനുവദിച്ചിട്ടുണ്ടോ. ഉണ്ടെങ്കില്‍ വിശദാംശങ്ങള്‍ നല്‍കാമോ; | (ബി) | **ഉണ്ട്; പ്രസ്തുത പദ്ധതിക്കായി കാസര്‍ഗോഡ് ജില്ലാകളക്ടര്‍ മൃഗസംരക്ഷണ വകുപ്പിന് 50 സെന്റ് സ്ഥലം മടിക്കൈയില്‍ അനുവദിച്ചിട്ടുണ്ട്.** |
| (സി) | പദ്ധതി യാഥാര്‍ഥ്യമാക്കുന്നതിനുള്ള കാലതാമസം എന്താണെന്ന് വിശദമാക്കാമോ? | (സി) | **നബാര്‍ഡിന്റെ ധനസഹായം, വെള്ളം, വൈദ്യുതി ഇവയുടെ ലഭ്യത, പൊലൂഷന്‍ കണ്‍ട്രോള്‍ ബോര്‍ഡിന്റെയും ഫയര്‍ & സേഫ്റ്റി വകുപ്പിന്റെയും മറ്റു ലൈസന്‍സുകളും ലഭ്യമാക്കാനുള്ള നടപടികള്‍ പൂര്‍ത്തിയായാലേ പദ്ധതി പ്രവര്‍ത്തനം ആരംഭിക്കാനാകൂ. ഇക്കാര്യത്തില്‍ തുടര്‍നടപടികള്‍ സ്വീകരിച്ചു വരുന്നു.** |

സെക്ഷന്‍ ഓഫീസര്‍